# SAMPLE QUESTION PAPER I

## മലയാളം - അടിസ്ഥാനപാഠാവലി

## THIRUVANANTHAPURAM EDUCATIONAL DISTRICT

## Standard X

**Time : 1½ hrs** **Maximum Score : 40**

---

## പാർട്ട് I

**A. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക (1 സ്കോർ വിതം) ( 4 x 1 = 4 )**

1. "എടീ കള്ളീ! നീയതു ഒളിപ്പിച്ചു മച്ചിരുന്നോ ?"-- വരിയിലെ ഭാവമെന്ത് ?

   * ദേഷ്യം
   * സഹതാപം
   * വാത്സല്യം
   * കരുണ

2. "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ

   ഇന്നും പഴി പറഞ്ഞേക്കും ,മടങ്ങാതെ" --- വരികളിലെ ഭാഷാപരമായ സവിശേഷതയെന്ത് ?

   * അനുപ്രാസം
   * ആദിപ്രാസം
   * ദ്വിതീയാക്ഷരപ്രാസം
   * അന്ത്യപ്രാസം

3. "പഴമയിലിഴയും <u>പല്ലുകൊഴിഞ്ഞൊരു</u>

   പാട്ടാണെന്നു പഴിക്കാമിന്നു പ -

   രിഷ്കാരത്തിൻ തിണ്ണയിലുള്ളവർ" --- അടിവരയിട്ട പ്രയോഗത്തിന്റെ പൊരുളെന്ത് ?

   * സ്നേഹമുള്ള
   * വാർദ്ധക്യം ബാധിച്ച
   * മനോഹരമായ
   * ഗാനാത്മകമായ

4. മാതൃകപോലെയെഴുതുക.

   **കന്നിയിലെ നെല്ല് - കന്നിനെല്ല്**

   തിമിരത്തിന്റെ പടർപ്പുകൾ -

   പ്രതീക്ഷിക്കാനാവാത്തത് -

5. പൂത്തിരികത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ എത്തിയ കവി ആരാണ് ?

6. അർത്ഥവ്യത്യാസം വരാത്തവിധം രണ്ടു വാക്യമാക്കുക.

അടുത്തദിവസം സ്കൂളിൽ പോകുമ്പോൾ എറിഞ്ഞവൻ വഴിയരികിൽ കാത്തുനിൽക്കുകയും ഏറുകൊണ്ടവൻ അതിലേ വരികയും ചെയ്തു.

**B. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക ( 1 സ്കോർ വീതം ) (3 x 1 = 3 )**

7. മനുഷ്യന്റെ ധ്യാനലക്ഷ്യം മനുഷ്യൻ തന്നെയെന്ന് ഉറപ്പിക്കുന്ന ഗുരുവിന്റെ പ്രവൃത്തിയേത് ?

*അധഃകൃതവർഗ്ഗോദ്ധാരണം

* കണ്ണാടിപ്രതിഷ്ഠ

* ക്ഷേത്രപ്രതിഷ്ഠ

* അന്ധഗജന്യായം

8. 'മാതൃഭാഷ 'എന്ന അർത്ഥത്തെ ധ്വനിപ്പിക്കുന്ന വരി കണ്ടെത്തുക

* തന്മകന്നായിപ്പകർന്ന പാൽമുത്തുകൾ

* എത്ര നവീനം! കുലീനം! പ്രിയേ നിന്റെ സുന്ദരദൃഷ്ടി

* സംഗീതമായ് വന്ന മൂളുന്നിടയ്ക്കിടെ

* നിന്നിഷ്ടമാണെന്റെയും

9. രാഷ്ട്രീയത്തിലെ നാലാമത്തെ മഹാശക്തിയായ് വിശേഷിപ്പിക്കപ്പെടുന്നതെന്ത് ?

## പാർട്ട് II

**A. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് രണ്ടുവാക്യത്തിൽ ഉത്തരമെഴുതുക. ( 2 സ്കോർ ) ( 1 x 2 = 2 )**

10. “നീരറ്റു വറ്റി വരണ്ട കൈച്ചുള്ളികൾ” --- പ്രയോഗഭംഗി വിശദീകരിക്കുക.

**B. 11,12 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക ( 2 സ്കോർ )**

**( 1 x 2 = 2 )**

11. “പത്രമെന്ന വിരോധാഭാസം ഇതത്രേ”

--- സുകുമാർ അഴീക്കോട് പത്രങ്ങളിൽക്കാണുന്ന വിരോധാഭാസമെന്ത് ?

12. റേഡിയോ വാങ്ങുന്നതിനായി ചാക്കുണ്ണി നടത്തിയ ഏതെങ്കിലും രണ്ട് ത്യാഗങ്ങളെഴുതുക.

## പാർട്ട് III

**A .13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

**( 3 സ്കോർ വീതം ) ( 3 x 3 = 9 )**

13. “അച്ഛന്റെ മരണത്തോടെ വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്ന് പോയതു പോലെ.”

“അച്ഛന്റെ ശബ്ദവും സാന്നിധ്യവുമായിരുന്ന വീട്. ഇപ്പോൾ ഇതൊരു വീടല്ല.”

( ഓരോ വിളിയും കാത്ത് )

--- വീടിനെക്കുറിച്ചുള്ള എന്തെല്ലാം സങ്കൽപ്പങ്ങളാണ് കഥ മുന്നോട്ടു വയ്ക്കുന്നത് ?

14. “വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വച്ചു വൃക്ഷമായത് മാവു തന്നെയാണ്. ”

--- ഈ പ്രസ്താവന ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ ?

15. “നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു -
മോമൽക്കവിള്ള തുടുത്തും തെല്ലൊരു
നാണത്തോട്ട പരുങ്ങിയൊരുങ്ങിട്ട -
മോണക്കോടിയുടുത്തൊരുഷസ്സേ ”
--ഉഷസ്സിന്റെ എന്തെല്ലാം സവിശേഷതകളാണ് വർണ്ണനയിലൂടെ വ്യക്തമാകുന്നത്? വിവരിക്കുക.

16. ‘കോഴിയും കിഴവിയും’ കഥയിൽ “പേരയ്ക്കാ പ്രശ്ന” ത്തെ മുതിർന്നവരും കുട്ടികളും കൈകാര്യം ചെയ്തതെങ്ങനെ ? നിങ്ങളുടെ നിലപാട് വിശദീകരിക്കുക.

**B. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**
**( 3 സ്കോർ )** **( 1 x 3 = 3 )**

17. അമ്മയുടെ എഴുത്തുകൾ നോക്കിയാൽ മിണ്ടിത്തുടങ്ങും - എന്തൊക്കെ കാര്യങ്ങളാണ് കവിയോട് എഴുത്തുകൾ സംസാരിച്ചത് ?

## പാർട്ട് IV

**A. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**
**( 4 സ്കോർ വീതം )** **( 2 x 4 = 8 )**

18. “കിടപ്പിലായിരുന്നപ്പോൾപോലും, വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു.”
“ മൂപ്പര് പെരേലുണ്ടായിരുന്നെങ്കിൽ മടങ്ങി വരുന്ന സമയത്ത് ഒന്നു മുറുക്കി പഴേ വർത്താനോം പറഞ്ഞു കൊറേ നേരം ഇരിക്ക്യാരുന്നു.” ‘ഓരോ വിളിയും കാത്ത് ’ കഥയിലെ അച്ഛന്റെ എന്തെല്ലാം സ്വഭാവസവിശേഷതകളാണ് വരികളിലൂടെ വ്യക്തമാകുന്നത് ?

19. “നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.”
--- കൊച്ചചക്കരച്ചി പറയാത്ത, അവൾ നേരിട്ട അത്യാഹിതങ്ങൾ ചുരുക്കി വിവരിക്കുക.

20. “മകനെ മൂട്ട മറക്കരുത്” ( കോഴിയും കിഴവിയും )
--- വല്യമ്മയുടെ ഈ സമീപനത്തോടുള്ള നിങ്ങളുടെ അഭിപ്രായം കുറിക്കുക.

**B. 21,22 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**
**( സ്കോർ 4 )** **( 1 x 4 = 4 )**

21. “മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി.”
“ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്.”
--- ശ്രീനാരായണോപദേശങ്ങളുടെ സവിശേഷതകൾ വിവരിക്കുക.

22. “തല്ലി വളർത്തണം കുട്ട്യോളെ. എന്റപ്പൻ എന്നെ താലോലിച്ചിട്ടുണ്ടോ ?” ( പണയം )
--- മത്തായി മൂപ്പരുടെ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

## പാർട്ട് V

**A. 23,24 ചോദ്യങ്ങളിൽ ഒരെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക** **( 5 സ്കോർ )**

**( 1 x 5 = 5 )**

23. "അവന്ന നെല്ല് കൂലി കിട്ടിയേ മതിയാകൂ ",

"ചിരുത അന്നു അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ടില്ല."

"അവന്റെ കൂട്ടുകാരെ അവനറിയാം അവർ ജോലിക്കു പോകും. അവൻ ഒറ്റപ്പെടും."

--- കുട്ടനാടൻ കർഷകത്തൊഴിലാളികൾ നേരിടുന്ന എന്തെല്ലാം സാമൂഹികപ്രശ്നങ്ങളാണ് 'പ്ലാവിലക്കഞ്ഞി' ചർച്ചചെയ്യുന്നത് ? വിമർശനക്കുറിപ്പ് തയാറാക്കുക.

24. അമ്മയുടെ വിജയം കൂടിയാണ് 'അമ്മത്തൊട്ടിൽ' എന്ന കവിത. ഉപേക്ഷിക്കാനുള്ള മകന്റെ ശ്രമങ്ങൾ പരാജയപ്പെടുന്നത് വിലയിരുത്തി കുറിപ്പ് തയാറാക്കുക.

തിരു.വിദ്യാഭ്യാസ ജില്ല